# പൂജ്യത്തിന്റെ വില

Jayaprakash N Thampi





ഭാഷയിലും സാമൂഹ്യ പാഠത്തിലും സാമാന്യ ശാസ്ത്രത്തിലും ക്ലാസ്സിൽ ഏറെ മോശമായിരുന്നു, കുഞ്ഞവറാൻകുട്ടി കണക്കിൽ മിടുക്കനായിരുന്നു. ഒന്ന് രണ്ടാവുന്നതിലും രണ്ടു നാലാ വുന്നതിലും അവനൊരു രതിമൂർച്ഛ അനുഭവപ്പെട്ടിരുന്നു. അധികചിന്ഹവും ആയിരുന്നു അവന് ഏറെ പഥ്യം. ന്യൂനവും ഹരണവും വെറുത്തു. എങ്കിലും മറ്റുള്ളവരുടെ പിഴയ്ക്കുന്ന കണക്കുകളിൽ അവയേറെയുണ്ടാവട്ടേ എന്നാശിച്ചു. പുറമ്പോക്കിൽ പത്തു സെന്റ് വളച്ചുകെട്ടി കൃഷി ചെയ്ത് കുടുംബം പോറ്റിയിരുന്ന വാപ്പ അത്രുമാൻ വാഴയ്ക്ക് തടമെടുക്കുന്നതിനൊപ്പം അവനെ ഉപദേശിക്കാറുണ്ടായിരുന്നു. ഒന്നിൽ തുടങ്ങണം. അതിനു പുറകെയാണ് പൂജ്യം വരേണ്ടത്. മുന്നിലായാൽ വിലപോയി. കായ്കറി കച്ചവടത്തിനും ഉണക്കമീൻ കാച്ചലിലും അത്യാവശ്യം കാലിക്കച്ചവടത്തിലും തുടങ്ങിയ കുഞ്ഞവറാന്റെ ബിസിനസ് വളർന്ന് അവന് തിരക്കായിരുന്നു. കാലികച്ചവടം കാരിലേയ്ക്കും പിന്നെ സ്ഥലത്തിലേയ്ക്കും വളർന്നപ്പോൾ കുഞ്ഞവറാൻ സാഹിബ് ആയി, ഹജ്ജിന് പോയിവന്നപ്പോൾ ഹാജിയാരായി. ഇഷ്ടികകളക്കാരൻ മൂസ്സയുടെ മകൾ അയിശുവിനെ രണ്ടാം വീടരാക്കിയപ്പോൾ കച്ചവടം കൊഴുത്തു. ദുബായിലുള്ള അളിയന്മാരുമായി ചേർന്ന് കള്ളക്കടത്തും കുഴലും തുടങ്ങിയപ്പോൾ ലീഗിന്റെ മേഖലാപ്രവർത്തകനായി, മഹല്ലിലെ ജീവകാരുണ്യപ്രവർത്തനങ്ങളിൽ ഖജാൻജിയായി. മഹ്ഫില്ലുകളിൽ സംഭാവന നല്കുമ്പോൾ ഒരിക്കലും പൂജ്യം വരാതിരിക്കാൻ ശ്രദ്ധിച്ചു. ആയിരം രൂപയല്ല, ആയിരത്തിഒരുനൂറ്റിപതിനൊന്നാണ് നല്കുക. തിരക്കു കൂടിയപ്പോൾ പഞ്ചസാര കൂടി, പ്രഷറും. ബീഡി വലിച്ചിരുന്നത് ചുരുട്ടാക്കിയപ്പോൾ ശ്രദ്ധിച്ചില്ല . കോശങ്ങളുടെ ക്രമഭംഗം അറിഞ്ഞില്ല. ആശുപത്രി കിടക്കയിൽ മോർഫിൻ നല്കുന്ന മയക്കത്തിൽ കിടന്നപ്പോൾ അവനറിഞ്ഞു. താൻ പൂജ്യമാകുന്നു.

പൂജ്യത്തിൽ നിന്ന് എന്തെടുത്താലും പൂജ്യം തന്നെ. എന്തു കൂട്ടിയാലും അതുതന്നെ. കണക്കുകൾ പിഴക്കുന്നത് പൂജ്യത്തിന്റെ സ്ഥാനം തെറ്റുമ്പോഴാണ്. അവറാൻ ഹാജിക്ക് ഒടുവിൽ വെളിപാടുണ്ടായി. യാ അല്ലാ. പക്ഷേ മാനസാന്തരം വെളിപ്പെടുത്തും മുമ്പ് മയ്യത്തായി.

**JPN Thampi retired as general manager of State Bankof India, and is the father of AKMG member Ammu Suseela. His wife Dr. Susheela is a gynaecologist. Son Appu is technical head of Visa International. Sri Thampi is settled at Elappully, Palakkad, pursuing literary interests. His first novel Anantharam is published by Ivory Books,.**